കിളിമാനൂർ പഞ്ചായത്തിലെ യാത്രാക്ലേശം

1032 [1923] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ കിളിമാനൂർ പഞ്ചായത്തിൽ ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളും പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബസ്സുകളുടെ അപര്യാപ്തതമൂലം ഇവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇവിടത്തെ യാത്രാക്ലേശം പരിഗണിച്ച് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുവാൻ നടപടികൾ എടുക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് തിരിച്ച് ബസ്സുകൾ ഓടിക്കുന്നതിന്റെ കണക്ക് കെ.എസ്.ആർ.ടി.സി. യിൽ ഇല്ല. എം. സി. റോഡുവഴി ഓടുന്ന ബസ്സുകൾ ഈ പഞ്ചായത്തുവഴി കടന്നു പോകുന്നുണ്ട്. 72 പ്രൈവറ്റ് ബസ്സുകൾക്ക് സർവ്വീസ് നടത്താൻ പെർമിറ്റ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബസ്സുകളുടെ ദൗർലഭ്യവും, കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക പരിമിതി മൂലവും കൂടുതൽ ബസ്സുകൾ ഓടിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

മുദാക്കൽ പഞ്ചായത്തിലെ യാത്രാക്ലേശം

1033 [1924] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിൽകൂടി ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളും പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ബസ്സുകളുടെ അപര്യാപ്തതമൂലം ഇവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇവിടത്തെ യാത്രാക്ലേശം പരിഗണിച്ച് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് അടിസ്ഥാനത്തിൽ ബസ്സുകൾ ഓടിക്കുന്നതിന്റെ കണക്ക് കെ.എസ്.ആർ.ടി.സി. യിൽ ഇല്ല. ആറ്റിങ്ങൽ, നെടുമങ്ങാട്, കിളിമാനൂർ എന്നീ ഡിപ്പോകളിൽ നിന്നുമുള്ള

LIBRARY ARCHIVES Kerala Legislative Assembly